ഉണ്ടാക്കുകയും മറ്റ് ജില്ലകളിൽ ഹോട്ടൽ മുറികൾ മുൻകൂറായി ബുക്ക് ചെയ്യുകയും ചെയ്തിരുന്നു. ഇവർക്ക് വേദികളിലേക്കും താമസസ്ഥലത്തേക്കും തടസ്സമില്ലാതെ യാത്ര ചെയ്യുന്നതിനായി വാഹന സൗകര്യം ഏർപ്പെടുത്തുകയുമുണ്ടായി. കായിക താരങ്ങൾക്കും ഒഫീഷ്യൽസിനും നല്ല രീതിയിൽ ഭക്ഷണം നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. 7 ജില്ലകളിലെ വിവിധ വേദികളിലായി നടത്തിയ മൽസരങ്ങൾ തടസ്സം കൂടാതെയും പരാതിയ്ക്കിടവരാതെയും നടത്തുന്നതിനായും പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുമുള്ള നടപടിയും സ്വീകരിച്ചു. മൽസരങ്ങൾ സമയക്രമമനുസരിച്ച് നിശ്ചയിക്കപ്പെട്ട പ്രകാരം നടത്തുന്നതിനായി ടെക്നിക്കൽ ഒഫീഷ്യൽസിന്റെയും ഇതുമായി ബന്ധപ്പെട്ട വിദഗ്ധരുടെയും സേവനം മുൻകൂട്ടി ഉറപ്പുവരുത്തുകയുമുണ്ടായി.

(ബി) ദേശീയ ഗെയിംസിനുശേഷമുള്ള സ്റ്റേഡിയങ്ങളുടെ പരിപാലനം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സ്റ്റേഡിയങ്ങളുടെ തുടർഉപയോഗം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 35-ാം ദേശീയ ഗെയിംസിനായി നിർമ്മിച്ച/നവീകരിച്ച അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ച് ദേശീയ അത്ലറ്റിക് മീറ്റ് ദേശീയ സ്കൂൾ കായികമേള തുടങ്ങിയവ സംസ്ഥാനത്ത് നടത്താവുന്നതാണ്.

നാഷണൽ ഗെയിംസിനായി 6 എം.എം. ബുള്ളറ്റുകൾ/കാടിഡ്ജുകൾ

306 (312) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ജനുവരി 31 മുതൽ ഫെബ്രുവരി 14-വരെ കേരളത്തിൽ നടന്ന നാഷണൽ ഗെയിംസിൽ 300 മീറ്റർ ഷൂട്ടിംഗ് റേഞ്ച് ആവശ്യമുള്ള 6 എം.എം. ബുള്ളറ്റ് കാടിഡ്ജുകൾ ഉപയോഗിക്കപ്പെടുന്ന ഷൂട്ടിംഗ് മത്സരങ്ങൾ ഒരു മത്സര ഇനമായി ഉൾപ്പെടുത്തിയിരുന്നോ; ഇല്ലെങ്കിൽ 6 എം.എം. ബുള്ളറ്റുകൾ /കാടിഡ്ജുകൾ 35-ാമത് നാഷണൽ ഗെയിംസിനായി വാങ്ങിയിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ബി) വാങ്ങിയിരുന്നുവെങ്കിൽ ആയത് എന്തിനാണെന്നും ഇത് വാങ്ങിയത് സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ &ബി) 35-ാം ദേശീയ ഗെയിംസിൽ 300 മീറ്റർ ഷൂട്ടിംഗ് ഇനം ഉൾപ്പെടുത്തിയിരുന്നില്ല. അതുകൊണ്ട് 6 എം.എം.ബുള്ളറ്റ് കാടിഡ്ജുകൾ വാങ്ങിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly